ഖുത്വ്ബ
25.03.2005
ബയ്ത്തുൽ ഫുതൂഹ്
ലണ്ടൻ

بسم الله الرحمن الرحيم

# നബി (സ)യുടെ കൂടിയാലോചനാശീലം.

فَبِمَا رَحْمَةٍ مِّنَ اللَّهِ لِنتَ لَهُمْ وَلَوْ كُنتَ فَظًّا غَلِيظَ الْقَلْبِ لَانفَضُّوا مِنْ حَوْلِكَ فَاعْفُ عَنْهُمْ وَاسْتَغْفِرْ لَهُمْ وَشَاوِرْهُمْ فِي الْأَمْرِ فَإِذَا عَزَمْتَ فَتَوَكَّلْ عَلَى اللَّهِ إِنَّ اللَّهَ يُحِبُّ الْمُتَوَكِّلِينَ

അവസാനത്തെ ന്യായപ്രമാണവുമായി വന്ന ഹസ്റത്ത് മുഹമ്മദ് മുസ്തഫാ (സ) ലോകം മുഴുവനുമുള്ള ജനങ്ങളുടെ സന്മാർഗത്തിനായി നിയോഗിക്കപ്പെട്ട നബിയായിരുന്നു. എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന ഗ്രന്ഥം അല്ലാഹു ആ മഹാത്മാവിനുമേൽ ഇറക്കി. നബി(സ)നെ അനുസരിക്കുന്നത്, തന്നെ അനുസരിക്കുന്നതിനു സമമാണെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. അല്ലാഹു തആല ഓരോ ചുവടിലും നബിയ്ക്ക് മാർഗദർശനം നല്കിയിരുന്നു. ഇങ്ങനെയൊക്കെ ആയിട്ടും **ശാവിർഹും ഫിൽ അംറ്** ഏ നബി! സാമൂഹികമായ ഓരോ പ്രധാന കാര്യങ്ങളിലും നിന്റെ ആളുകളുമായി, നിന്നെ വിശ്വസിക്കുന്നവരുമായി, നിന്റെ ഭരണത്തിൻ കീഴിൽ താമസിക്കുന്നവരുമായി കൂടിയാലോചിക്കുകയെന്ന് അല്ലാഹു നിർദ്ദേശിച്ചു. ഈ വചനത്തിലെ പൂർണ്ണമായ വിഷയം നോക്കുമ്പോൾ അല്ലാഹു തആല കപട വിശ്വാസികൾക്കും ആക്ഷേപങ്ങൾ ഉന്നയിക്കുന്നവർക്കും മറുപടി കൊടുത്തിരിക്കുകയാണെന്ന് കാണാം. നബി കഠിനഹൃദയനും തന്റെ ഇഷ്ടം അടിച്ചേല്പിക്കുന്നവനും ആരുടെയും വാക്കുകൾ കേൾക്കാത്തവനുമാണെന്ന് ആക്ഷേപകർ പറയുന്നു. എന്നാൽ അല്ലാഹു പറഞ്ഞിരിക്കുന്നു: ഏ നബി! (സ) അല്ലാഹുവിന്റെ പ്രത്യേകമായ കാരുണ്യംകൊണ്ട് നീ പരിധിയില്ലാത്തവിധം ലോലഹൃദയനായിരിക്കുന്നു. നീ നിന്റെ ആളുകൾക്ക് കാരുണ്യത്തിന്റെ പ്രതീകമാണെന്നത് പോലെതന്നെ അന്യർക്കും മാപ്പുകൊടുക്കാനും വിട്ടുവീഴ്ച ചെയ്യാനുമുള്ള അവസരം പാർത്തിരിക്കുകയാണ്. എത്രമാത്രം ലോലഹൃദയനായിരിക്കുന്നുവെന്നുവച്ചാൽ അത് ഒന്നിനോടും ഉദാഹരിച്ചു പറയാൻ പറ്റുകയില്ല.

നീ, ഏ നബി! വിട്ടുവീഴ്ച ചെയ്തുകൊണ്ട് കപടവിശ്വാസികളോടും ശത്രുക്കളോടും സൗമ്യമായി പെരുമാറുന്നുവെന്നു മാത്രമല്ല ഭരണകാര്യങ്ങൾ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുന്നു. ഒരിക്കൽ കപട വിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹ് ബിൻ ഉബൈ ബിൻ സുലൂലിനെയും യുദ്ധകാര്യങ്ങൾ ചർച്ച ചെയ്യുന്നതിൽ അവിടന്ന് ഉൾപ്പെടുത്തിയിരുന്നു. നബി(സ) കഠിനഹൃദയനാണെന്നുള്ള കപട വിശ്വാസികളുടെ ആരോപണത്തിന് മറുപടിയാണിത്. അതായത് മുഹമ്മദ് നബി(സ)ന് ചുറ്റും ശലഭങ്ങളെപ്പോലെ ആളുകൾ ഒരുമിച്ചുകൂടുന്നു. നബി പരുപരുത്ത സ്വഭാവമുള്ള ആളായിരുന്നെങ്കിൽ ഒരിക്കലും ഇങ്ങനെ ജനങ്ങൾ സംഘടിച്ച് നില്ക്കുമായിരുന്നില്ല. അവർ ദൂരത്തേക്ക് ഓടിപ്പോകുമായിരുന്നു. കപടവിശ്വാസികൾ മോശമാക്കിയ ആളുകൾ പോലും നബിയുടെ സൗമ്യവും സൽപെരുമാറ്റവും കാരണം തങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് നബിയുടെ സമീപത്ത് വന്നു ചേർന്നു. അവർക്കും നബിയുടെ അടുത്തെത്തിച്ചേരാൻ അല്ലാഹു തൗഫീഖ് നല്കി. ഈ നബി, ഈ അദ്ധ്യാപനങ്ങളനുസരിച്ച് കൂടിയാലോചനകൾക്ക് അതീവ പ്രാധാന്യം കല്പിക്കുന്നുവെന്നുമാത്രമല്ല, അറിവിലുള്ള കുറവുകൊണ്ടോ മാനുഷികമായ ബലഹീനതകൾ കൊണ്ടോ തെറ്റായ അഭിപ്രായം പറയുന്നവരോട് അല്ലാഹുവിന്റെ കല്പന അനുസരിച്ച് വിട്ടുവീഴ്ചയോടെ പെരുമാറുന്നു, അവർക്കുവേണ്ടി പാപമോചനവും പൊറുക്കലും തേടുകയും ചെയ്യുന്നു. ഇത് നബി സ്വന്തം നിലയിൽ തീരുമാനമെടുക്കുന്നുവെന്ന കപടവിശ്വാസികൾക്കുള്ള ആക്ഷേപത്തിന് മറുപടിയാണ്. നബിയ്ക്ക് എന്തായാലും കൂടിയാലോചിച്ചതിനുശേഷം തീരുമാനമെടുക്കാൻ അധികാരമുണ്ട്. കാരണം അല്ലാഹുവിന്റെ നബിയാണ്. അതുകൊണ്ട് കൂടിയാലോചനകളെല്ലാം നടന്നതിനുശേഷം എന്തെങ്കിലും ചെയ്യാനുള്ള തീരുമാനമെടുത്താൽ അല്ലാഹുവിന്റെ കല്പന അനുസരിച്ച് അവനിൽ സർവ്വവും ഭരമേല്പിക്കുന്നു. ഏറ്റവും ഉത്തമമായ ഫലം അതിനുണ്ടാകുമെന്ന് ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നു. നബി(സ)യെ അല്ലാഹുവിന്റെ ഇഷ്ടദാസനാക്കി മാറ്റിയത് ഈ കർമം തന്നെയാണ്. അവനവന്റെ കഴിവിന്നനുസരിച്ച് ഈ മാതൃകയെ പിൻപറ്റാൻ അല്ലാഹു ഉമ്മത്തിനോടുപദേശിച്ചു. ഖിലാഫത്ത് വ്യവസ്ഥിതിയോടും ജമാഅത്തു വ്യവസ്ഥിതിയോടും ഉപദേശിച്ചു. അല്ലാഹുവിന്റെ ഈ കല്പനയും നബിയുടെ കൂടിയാലോചിക്കാനുള്ള അതിയായ വാഞ്ഛയും, ഉമ്മത്തിന് കൂടിയാലോചിക്കാനുള്ള മനസ്ഥിതിയുണ്ടാകുന്നതിനുവേണ്ടിയിട്ടുള്ളതാണ്. കൂടിയാലോചിക്കുന്നതിന്റെ പ്രാധാന്യം ഉമ്മത്ത് അഥവാ സമുദായം മനസ്സിലാക്കുന്നതിനുവേണ്ടിയാണ്.

ഹസ്റത്ത് ഇബ്നു അബ്ബാസ് (റ) നിവേദനം

ചെയ്യുന്നു. **ശാവിർഹും ഫിൽ അംറ്** എന്ന വചനം ഇറങ്ങിയപ്പോൾ നബി(സ) പറഞ്ഞു: അല്ലാഹുവും അവന്റെ റസൂലും ഇതിൽനിന്ന് ഒഴിവാണെങ്കിലും, അല്ലാഹു തആല അതിനെ എന്റെ ഉമ്മത്തിന് കാരുണ്യത്തിന് കാരണമാക്കി. അതുകൊണ്ട് ആരാണോ അവരുമായി കൂടിയാലോചിക്കുന്നത് അവർ സദാചാരമാർഗത്തിൽനിന്നും സന്മാർഗത്തിൽനിന്നും പിന്തള്ളപ്പെടുകയില്ല. ആരാണോ കൂടിയാലോചന വേണ്ടെന്നു വയ്ക്കുന്നത് അവർ നിന്ദ്യതയിൽനിന്ന് രക്ഷപ്പെടുകയില്ല. എന്തെങ്കിലും തീരുമാനമെടുക്കാൻ അല്ലാഹുവിന് ആരുടെയും അഭിപ്രായം ആവശ്യമില്ല. വിശുദ്ധഖുർആനിലൂടെ നബി(സ)ന് അല്ലാഹു ഒരുപാട് കാര്യങ്ങൾ അറിയിക്കുകയും ചെയ്യുന്നു. ഏതൊരു കാര്യത്തെക്കുറിച്ചാണോ അഭിപ്രായം ആരായുന്നത് അല്ലെങ്കിൽ ഏതൊരുകാര്യത്തിനായി നബി(സ) അഭിപ്രായം ചോദിക്കുന്നുവോ അതിനെക്കുറിച്ചും നബിയ്ക്ക് അറിയിച്ചുകൊടുക്കാൻ അല്ലാഹുവിന് കഴിയുമായിരുന്നു. നബിയ്ക്ക് ഒരഭിപ്രായത്തിന്റെയും ആവശ്യമുണ്ടായിരുന്നില്ല. കൂടിയാലോചന കൊണ്ടുള്ള മഹത്വം പറയുന്നതിനുവേണ്ടി - ഉമ്മത്ത് പിന്നീട് അതനുസരിച്ച് പ്രവർത്തിക്കാൻ - ആണ് നബി(സ) കൂടിയാലോചന നടത്തിയിരുന്നത്. അവിടന്ന് വളരെ വ്യക്തമായും പറഞ്ഞു: അല്ലാഹു എനിക്ക് മാർഗം കാണിച്ചു തന്നുകൊണ്ടിരിക്കുന്നു. നിങ്ങൾ അല്ലാഹുവിന്റെ കാരുണ്യത്തെ സ്വരുക്കൂട്ടാൻ ആഗ്രഹിക്കുന്നെങ്കിൽ കൂടിയാലോചന എന്നകാര്യം എപ്പോഴും ഓർമിച്ചുകൊള്ളുക. അല്ലാഹുവിന്റെ ഈ ഉപദേശവും നബിയുടെ ഈ മാതൃകയും കാരണത്താൽ ജമാഅത്തിൽ ശൂറാ വ്യവസ്ഥിതി നിലവിലുണ്ട്. ലോകത്തെ എല്ലാ രാഷ്ട്രങ്ങളിലും ഈ ശൂറാ വ്യവസ്ഥിതിയുള്ള കാരണത്താൽ, ഇതനുസരിച്ച് പ്രവർത്തിക്കുന്ന കാരണത്താൽ ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹത്തിന് അവകാശികളാകുന്ന കാഴ്ച നാം കാണുന്നു.

ഈ സമയത്ത് വിവിധ അവസരങ്ങളിൽ നബി മറ്റുള്ളവരുമായി കൂടിയാലോചന നടത്തിയ സംഭവങ്ങളിൽ ചിലത് ഞാൻ പറയുന്നതാണ്. ഇതിൽനിന്ന് മഹത്തായ ധാർമിക ഗുണങ്ങളിൽ ഒന്നായ മറ്റുള്ളവരുമായി കൂടിയാലോചന നടത്തുകയെന്ന ഗുണം പ്രകടമാകുന്നതാണ്.

ഞാനോതിയ വചനത്തിൽ അല്ലാഹു നല്കിയ കല്പന അനുസരിച്ച് നബി മറ്റുള്ളവരിൽനിന്ന് അഭിപ്രായങ്ങൾ ആരാഞ്ഞിട്ടുള്ളത് കാണുമ്പോൾ അവിടത്തെപ്പോലെ നല്ല അഭിപ്രായങ്ങളെ ആദരിക്കുന്ന വ്യക്തി വേറെയില്ലെന്ന് മനസ്സിലാകുന്നു.

അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: അഭിപ്രായം ആരായുന്നവരിൽ നബിയെക്കാളധികം മറ്റാരെയും ഞാൻ കണ്ടിട്ടില്ല.

അവിടന്ന് പറയുന്നതെന്താണ്? ഞാനല്ലാഹുവിന്റെ നബിയായിക്കൊണ്ട് ചില പ്രധാന കാര്യങ്ങളിൽ കൂടിയാലോചിക്കുന്നു. അല്ലെങ്കിൽ അല്ലാഹുവിൽനിന്ന് നേരിട്ട് മാർഗ നിർദേശം ലഭിക്കാത്ത കാര്യങ്ങളിൽ അഭിപ്രായം തേടുന്നു. അപ്പോൾ ഇതനുസരിച്ച് പ്രവർത്തിക്കേണ്ടത് നിങ്ങൾക്ക് എത്രമാത്രം നിർബന്ധമാണ്. തന്റെ സ്വഹാബത്തിനെക്കാൾ ആയിരക്കണക്കിന്നിരട്ടി സൂക്ഷ്മ ബുദ്ധി നബിയ്ക്കുണ്ടായിരുന്നു. പക്ഷെ അതൊരിക്കലും സ്വഹാബത്തിന്റെ മുമ്പിൽ അവിടന്ന് പ്രകടിപ്പിച്ചിരുന്നില്ല. പ്രത്യുത കൂടിയാലോചിക്കുമ്പോഴും തന്റെ വിനയാവസ്ഥയെ മുന്നിൽ കാണുകയാണ് നബി ചെയ്തത്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു.

ഹസ്റത്ത് മുആദ് ബിൻ ജബൽ(റ) പറയുന്നു. നബി(സ) അദ്ദേഹത്തെ യമനിലേക്ക് അയക്കാൻ തീരുമാനിച്ചപ്പോൾ അവിടന്ന് സ്വഹാബിമാരിൽ നിരവധി പേരിൽനിന്ന് അഭിപ്രായം തേടി. അവരിൽ ഹസ്റത്ത് അബൂബക്കർ, ഉമർ, ഉസ്മാൻ, അലി, ത്വൽഹാ, സുബൈർ (റ.ഹും) തുടങ്ങി നിരവധി സ്വഹാബിമാർ ഉൾപ്പെടുന്നു. ഹസ്റത്ത് അബൂബക്കർ പറഞ്ഞു. നബി ഞങ്ങളോട് അഭിപ്രായം ചോദിച്ചില്ലായിരുന്നുവെങ്കിൽ ഞങ്ങൾ ഒരു കാര്യവും പറയുമായിരുന്നില്ല. നബി(സ) പറഞ്ഞു: ഏതൊരു കാര്യത്തെക്കുറിച്ച് എനിയ്ക്ക് വഹ്യ് ഉണ്ടാകുന്നില്ലയോ അക്കാര്യത്തിൽ ഞാൻ നിങ്ങളെപ്പോലെതന്നെ ഒരാളാണ്. മുആദ് പറയുന്നു: നബിയുടെ ഈ സംസാരം കേട്ടപ്പോൾ ഓരോ ആളും അവരവരുടെ അഭിപ്രായം പറയാൻ തുടങ്ങി. ഇതിനുശേഷം നബി(സ) പറഞ്ഞു. മുആദേ! താങ്കളുടെ അഭിപ്രായം എന്താണെന്നു പറയുക. ഞാൻ പറഞ്ഞു. എന്റെ അഭിപ്രായം ഹസ്റത്ത് അബൂബക്കറിന്റെ അഭിപ്രായം തന്നെയാണ്.

നോക്കുക, എത്രമാത്രം വിനയത്തോടെയാണ് നബി(സ) എനിയ്ക്ക് അഭിപ്രായം തരിക എന്നു പറയുന്നത്. കാരണം ഏതൊരു കാര്യത്തെക്കുറിച്ചാണ് അല്ലാഹു എന്നെ അറിയിക്കാത്തത് അക്കാര്യത്തിൽ ഞാൻ നിങ്ങളെപ്പോലൊരു മനുഷ്യനാണ്; എനിയ്ക്ക് നിങ്ങളുടെ അഭിപ്രായം ആവശ്യമുണ്ട്.

തന്റെ പ്രിയ സഹധർമിണിയ്ക്കെതിരെ ആക്ഷേപമുയർന്നു. അവിടന്ന് വിചാരിച്ചിരുന്നെങ്കിൽ ഹസ്റത്ത് ആയിശയോട് അന്വേഷിച്ച് അതു നിഷേധിക്കാമായിരുന്നു. തെറ്റായ ആരോപണം തന്നെയായിരുന്നു അത്. പക്ഷെ, കപട വിശ്വാസികളുടെ ആഫിത്നയെ തടയുന്നതിനുവേണ്ടി അവിടന്ന് മൗനം പാലിച്ചു. സ്വഹാബിമാരുമായി അതിനെക്കുറിച്ച് കൂടിയാലോചിച്ചു. എന്തുകൊണ്ടെന്നാൽ ഇക്കാര്യം വ്യക്തിഗതമായ പരിധിയിൽനിന്ന് പുറത്തുചാടി സമൂഹത്തിൽ ഫിത്ന ഉണ്ടാക്കുന്നതിന് കാരണമാകുന്നുവെന്ന് അവിടന്ന് മനസ്സിലാക്കി. ഇതു സംബന്ധമായി ഹസ്റത്ത് ആയിശ (റ) പറയുന്നു: ഇഫ്ക് സംഭവുമായി ബന്ധപ്പെട്ട് കൂടിയാലോചിക്കുന്നതിനായി

നബി(സ) അലി ബിൻ അബീത്വാലിബിനെയും ഉസാമാ ബിൻ സയ്ദിനെയും വിളിപ്പിച്ചു. അവിടന്ന് വഹ്‌യ് പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. അവർ രണ്ടു പേരോടും ഹസ്‌റത്ത് ആയിശയിൽനിന്ന് വേറിട്ടു നില്ക്കുന്നതിനെ സംബന്ധിച്ച് കൂടിയാലോചിച്ചു. അപ്പോൾ ഹസ്‌റത്ത് ഉസാമാ, നബി(സ) തന്റെ ഭാര്യ യുമായി അടുത്തുനിൽക്കുന്നതാണ് നല്ലതെന്ന് അഭിപ്രായം പറഞ്ഞു. എങ്കിലും ആയിശാ(റ)യുടെ നിർബന്ധപ്രകാരം, അല്ലാഹു തആല അവരുടെ നിരപരാധിത്വം വെളിപ്പെടുത്തുന്നതുവരെ നബി(സ) അകന്നുതന്നെനിന്നു.

ഹസ്‌റത്ത് ആയിശ(റ)യുടെ നിരപരാധിത്വം അല്ലാഹു വെളിപ്പെടുത്തിയപ്പോൾ, നബി(സ) കുറ്റവാളികളെ ശിക്ഷിക്കുകയും ചെയ്തു. അതിന്റെ പ്രതികരണമെന്തായിരിക്കുമെന്നൊന്നും ചിന്തിച്ചില്ല. ഇതു സംബന്ധമായി ഒരു നിവേദനത്തിൽ വന്നിരിക്കുന്നു ഹസ്‌റത്ത് ആയിശ(റ) യ്ക്കെതിരിൽ ഉന്നയിക്കപ്പെട്ട ആക്ഷേപത്തേക്കുറിച്ച് നബി(സ) ഹസ്‌റത്ത് അലിയും ഹസ്‌റത്ത് ഉസാമയുമായി കൂടിയാലോചിച്ചു. അവരുടെ അഭിപ്രായം കേട്ടു. എന്നാൽ ഇതു സംബന്ധമായി വിശുദ്ധഖുർആൻ ഇറങ്ങിയപ്പോൾ, അതനുസരിച്ച്, അപവാദം പറഞ്ഞു പരത്തിയവർക്ക് ചാട്ടവാർ അടിവിധിച്ചു. ഹസ്‌റത്ത് അലിയുടെയും ഹസ്‌റത്ത് ഉസാമയുടേയും അഭിപ്രായത്തിൽ ഒതുങ്ങിനിന്നില്ല. മറിച്ച് അല്ലാഹു കൽപ്പിച്ച കാര്യം നടപ്പിൽ വരുത്തി. ഇതിൽ നിന്നും തന്റെ വ്യക്തിഗതമായ കാര്യത്തിലും എത്രമാത്രം സൂക്ഷമത പാലിച്ചിരുന്നുവെന്ന് വ്യക്തമാണ്. അവിടന്ന് മറ്റുള്ളവരുമായി കൂടിയാലോചിച്ചു. എന്നാൽ അല്ലാഹുവിന്റെ കല്പന വന്നുകഴിഞ്ഞ പ്പോൾ പിന്നെ ആരുടെ വാക്കും കേൾക്കാൻ നിന്നില്ല.

മദീനയിലേക്ക് ഹിജ്‌റത്ത് ചെയ്തതിനുശേഷ വും, സത്യനിഷേധികൾ നബിയെയും അനുയായിക ളേയും ബുദ്ധിമുട്ടിക്കാനുള്ള പരിപാടികൾ ആസൂത്ര ണം ചെയ്തു. അവർ സത്യവിശ്വാസികളെ ബുദ്ധിമുട്ടി ക്കാനുള്ള ഒരുമാർഗ്ഗവും വിട്ടുകളഞ്ഞില്ല. അതിനെ നേരിടുന്നതിനായി നബി(സ) സ്വഹാബത്തുമായി കൂടിയാലോചന നടത്തി. അത് ആരംഭകാലമായിരു ന്നു. അതുകൊണ്ട് അൻസാർ ഉൾപ്പെടെയുള്ള എല്ലാ നേതാക്കൻമാരുമായി കൂടിയാലോചന നടത്താൻ അവിടന്ന് തീരുമാനിച്ചു. പിന്നീട് ആർക്കും ഒന്നും പറയാനിട നൽകാതിരിക്കാൻ വേണ്ടിയാണ് അവിടന്ന് അങ്ങനെ ചെയ്തത്. ഈ സംഭവം ചരിത്ര ത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഖുറയ്ശികളുടെ കച്ചവട സംഘം പുറപ്പെട്ടി രിക്കുന്നുവെന്ന് നബി(സ) അറിഞ്ഞപ്പോൾ, അതിനെ തീർച്ചയായും നമ്മൾ തടയുമെന്നകാര്യം നബി(സ) പ്രകടിപ്പിച്ചു. പിന്നീട് നബി(സ) അതിനെക്കുറിച്ച് സ്വഹാബത്തിനോട് അഭിപ്രായം ചോദിച്ചു. ഖുറയ്ശി കളുടെ തീരുമാനത്തെക്കുറിച്ച് സ്വഹാബത്തിനോട് പറഞ്ഞു. അപ്പോൾ ഹസ്‌റത്ത് അബൂബക്കർ(റ) എഴുന്നേറ്റ് നിന്ന് തന്റെ നിലപാട് വളരെ നല്ലനിലയിൽ അവതരിപ്പിച്ചു. പിന്നീട് മിഖ്ദാദ് ബിൻ അംറ് എഴുന്നേറ്റ് നിന്ന് പറഞ്ഞു: അല്ലാഹുവിന്റെ റസൂലെ താങ്കളുടെ തീരുമാന പ്രകാരം അതു നടപ്പിലാക്കാൻ പുറപ്പെടുക, ഞങ്ങൾ അങ്ങയോടൊപ്പമുണ്ട്. അല്ലാഹുവാണ. **ഇദ്ഹബ് അൻത വറബ്ബുക്ക ഫ ക്കാത്തിലാ ഇന്നാ ഹാഹുനാ ഖായിദീൻ** നീയും നിന്റെ റബ്ബും പോയി യുദ്ധംചെയ്യുക. ഞങ്ങൾ ഇവിടെ ഇരുന്നുകൊള്ളാം എന്ന്, ബനൂഇസ്‌റായിൽ മൂസാ(അ) നോട് പറഞ്ഞതുപോലെ ഞങ്ങൾ ഒരിക്കലും അങ്ങയോട് പറയുകയില്ല. എന്നല്ല അങ്ങും അങ്ങയുടെ റബ്ബും മതവിരോധികളളോട് യുദ്ധം ചെയ്യാൻ പുറപ്പെടുക. ഞങ്ങൾ നിങ്ങളോടൊ പ്പം വന്ന് അവരുമായി യുദ്ധം ചെയ്യുന്നതാണ്, എന്നാണ് ഞങ്ങൾ പറയുന്നത്.

അങ്ങയെ സത്യത്തോട് കൂടി അയച്ച അല്ലാ ഹുവിനെക്കൊണ്ട് സത്യം! യമന് അടുത്തുള്ള **വർക്കുൽ ഹിമാ** എന്നസ്ഥലം വരെ കൊണ്ടുപോയി അവിടെ അങ്ങ് തങ്ങാനാഗ്രഹിക്കുന്നുവെങ്കിൽ അവിടംവരേയും ഇടയ്ക്കുള്ള എല്ലാ ശത്രുക്കളുമാ യും യുദ്ധം ചെയ്തുവരാൻ ഞങ്ങൾ തയ്യാറാണ്. അപ്പോൾ നബി(സ) അവരുടെ നൻമയ്ക്കുവേണ്ടി പ്രാർത്ഥിച്ചു.

പിന്നീട് നബി(സ) വീണ്ടും അഭിപ്രായം ചോദി ച്ചു. അവിടന്ന് യഥാർത്ഥത്തിൽ അൻസാറിനോടായി രുന്നു അഭിപ്രായം ചോദിച്ചത്. അവർ അംഗസംഖ്യ യിൽ കൂടുതലായിരുന്നു. എന്നതാണ് ഇതിനുകാര ണം. അഭിപ്രായമാരായാനുള്ള മറ്റൊരുകാരണം, രണ്ടാം അഖബയുടെ അവസരത്തിൽ, അല്ലാഹു വിന്റെ റസൂലെ! അങ്ങ് ഞങ്ങളുടെ നാട്ടിൽ വരാത്തി ടത്തോളം കാലം അങ്ങയെ സംരക്ഷിക്കുക എന്ന ഉത്തരവാദിത്വത്തിൽ നിന്ന് ഞങ്ങൾ സ്വതന്ത്രരാ ണെന്ന് അൻസാർ പറഞ്ഞിരുന്നു. അങ്ങ് ഞങ്ങളിൽ വന്ന് താമസമാക്കാൻ തുടങ്ങിയാൽ, അങ്ങയെ സംരക്ഷിക്കുക എന്ന ഉത്തരവാദിത്വം ഞങ്ങൾക്കാ യിരിക്കും. ഞങ്ങൾ ഞങ്ങളുടെ ഭാര്യാമക്കളെ ശത്രു ക്കളിൽ നിന്ന് സംരക്ഷിക്കുന്നതുപോലെ അങ്ങയെ സംരക്ഷിക്കുന്നതാണ്. മദീനയ്ക്ക് പുറത്ത് ശത്രു ക്കളെ നേരിടാതെ അൻസാറുകളുടെ സഹായം മദീനയ്ക്കുള്ളിൽ മാത്രമായിരിക്കുമോ ലഭിക്കുക എന്ന ആശങ്ക നബിയ്ക്കുണ്ടായിരുന്നു. എന്നാൽ നബി(സ) വീണ്ടും അഭിപ്രായം ആരാഞ്ഞപ്പോൾ സഅദ് ബിൻ മുആദ് (റ) പറഞ്ഞു. അല്ലാഹുവാണ യാ റസൂലുല്ലാഹ്! അങ്ങ് ഞങ്ങളെയാണ് ഉദ്ദേശിച്ച തെന്നു തോന്നുന്നു. ഞങ്ങളോട് അങ്ങ് എന്തോ ചോദിക്കാനാഗ്രഹിക്കുന്നു. താങ്കൾ മനസ്സിലാക്കി യത് ശരിയാണെന്ന് നബി(സ) പറഞ്ഞു. അപ്പോൾ ഹസ്‌റത്ത് സഅദ് ബിൻ മുആദ്(റ) പറഞ്ഞു. ഞങ്ങൾ

അങ്ങയിൽ വിശ്വസിച്ചു. ഞങ്ങൾ അങ്ങയെ സത്യപ്പെടുത്തി. അങ്ങുകൊണ്ടുവന്ന പാഠം സത്യമാണെന്ന് ഞങ്ങൾ കണ്ടു. അക്കാരണത്താലാണ് ഞങ്ങൾ അങ്ങയോട് കേൾക്കുകയും അനുസരിക്കുകയും ചെയ്യുമെന്ന ഉറച്ച പ്രതിജ്ഞ ചെയ്തിട്ടുള്ളത്. അല്ലാഹുവിന്റെ റസൂലെ അങ്ങ് അങ്ങയുടെ തീരുമാനം നടപ്പിലാക്കാൻ പുറപ്പെട്ടുകൊള്ളുക. ഞങ്ങൾ അങ്ങയോടൊപ്പമുണ്ട്. അങ്ങയെ സത്യവുമായയച്ച അല്ലാഹുവിനെക്കൊണ്ട് സത്യം, ഈ സമുദ്രം ഞങ്ങൾക്കിടയിൽ തടസ്സം സൃഷ്ടിക്കുകയും, എന്നാൽ അങ്ങ് അതിനെ താണ്ടുകയും ചെയ്താൽ ഞങ്ങളും അതിനെ താണ്ടികടക്കുന്നതാണ്. ഞങ്ങളിൽ ഒരാൾ പോലും ഇക്കാര്യത്തിൽ പിന്നിലാവുകയില്ല. അങ്ങ് ഞങ്ങളുടെ ശത്രുക്കളോട് യുദ്ധം ചെയ്യുകയും ഞങ്ങൾ അതിൽ നിന്ന് വിട്ട് നിൽക്കുകയും ചെയ്യുന്നത് ഞങ്ങളിഷ്ടപ്പെടുന്നില്ല. ഞങ്ങൾ ധാരാളം യാത്രചെയ്യുന്നവരാണ്. പറയുന്ന കാര്യങ്ങൾ ശത്രുക്കളോട് പൊരുതി സത്യമായി പുലർത്തികാണി ക്കുന്നവരാണ് ഞങ്ങൾ. ഞങ്ങൾ മുഖേന അങ്ങയുടെ കണ്ണുകൾക്ക് അല്ലാഹു കുളിർമ പകർന്നേക്കാം. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അങ്ങ് ഞങ്ങളെ കൂടെ കൊണ്ടുപോവുക.

ഹസ്റത്ത് സഅ്ദ് ബിൻ മുആദ്(റ) ഇതു പറഞ്ഞുടനെ നബി(സ) യുടെ മുഖകമലം സന്തോഷത്താൽ വിളങ്ങി. ഈ സംഭവത്തിൽ നിന്ന് ഭൂരിപക്ഷത്തിന്റെ അഭിപ്രായം അനിവാര്യമാണെന്ന് മനസ്സിലാക്കാം. എന്നല്ല, ബലാൽക്കാരമായി തങ്ങളെ വലിച്ചുകൊണ്ടുവന്നുവെന്ന് പറയുവാനുള്ള ഒരവസരവും അവർക്കുണ്ടാവരുത്. അതുകൊണ്ട് നബി(സ) മനുഷ്യചിന്താഗതികളെ മനസ്സിലാക്കിക്കൊണ്ട് അവരോടെല്ലാം അഭിപ്രായം ആരാഞ്ഞു. അല്പകാലത്തിനുള്ളിൽ നബി(സ) ഇവരിലുണ്ടാക്കിതീർത്ത മഹത്തായ വിപ്ലവവും ഇതിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

അത് വളരെ പരിമിതവും സോപാധികവുമായ ഉടമ്പടിയായിരുന്നു. അവിടെയാണ് ഈ മാറ്റം ഉണ്ടായത്. അവർ സമുദ്രത്തിൽ ചാടാൻ തയ്യാറായി. നബി (സ) കൂടിയാലോചിച്ചതിന്റെ ഒരു ഉദ്ദേശ്യം, പുതിയ വിശ്വാസികളുടെ വിശ്വാസം മാറ്റുരച്ചുനോക്കുക എന്നത് മാത്രമായിരുന്നു. അവരുടെ മനസ്സുകളെ പരിശോധിച്ച് അല്ലാഹുവിനോടും അവന്റെ റസൂലിനോടും എത്രമാത്രം അവർക്ക് സ്നേഹമുണ്ടെന്ന് മനസ്സിലാക്കുകയായിരുന്നു. ഈ മാതൃക സ്ഥാപിക്കുന്നതിന് അവിടന്ന് ശ്രമിക്കാൻ കാരണം പിന്നീട് വരുന്നവർ ഈ മാതൃക പിൻപറ്റി നടക്കാൻ വേണ്ടിയായിരുന്നു. അവസാനം വരുന്നവരും ആദ്യത്തെക്കൂട്ടരുമായി കൂടിച്ചേരുന്നതിനുള്ള മാതൃക കാണിക്കുന്നതിനുവേണ്ടിയായിരുന്നു.

ശൂറായിൽ അഭിപ്രായം പറയുമ്പോൾ അത് ബുദ്ധിവൈഭവം കാണിക്കാൻ വേണ്ടിയാകരുത്. അഭിപ്രായം പറയുന്നത് ആ അഭിപ്രായമനുസരിച്ച് പ്രവർത്തിക്കാനും പ്രവർത്തിപ്പിക്കാനും വേണ്ടി നാമും എല്ലാതരം ത്യഗങ്ങൾക്കും തയ്യാറായിരിക്കണമെന്ന മനസ്ഥിതിയോടെയായിരിക്കണം. സ്വയം ത്യാഗങ്ങൾ വരിക്കാൻ തയ്യാറല്ലെങ്കിൽ നബി(സ) യുടെ കാലത്ത് നമ്മൾ കാണുന്ന ശൂറായുടെ മാതൃക അനുസരിച്ചായിരിക്കുകയില്ല നാം നടക്കുന്നത്. ആ മാതൃക എന്തായിരുന്നു. അതിന്റെ ഒരു മിന്നലാട്ടം ഒരു സ്വഹാബിയുടെ വാക്കുകളിൽ ഇങ്ങനെ കാണാം. മിഖ്ദാദ് ബിൻ അസ്വദ്(റ) പറഞ്ഞു: അല്ലാഹുവിന്റെ റസൂലെ! ഞങ്ങൾ അങ്ങയുടെ വലത്തും ഇടത്തും മുമ്പിലും പിമ്പിലും നിന്ന് യുദ്ധം ചെയ്യുന്നതാണ്. ഞങ്ങളുടെ ശവം മറികടന്നിട്ടല്ലാതെ ശത്രുവിന് അങ്ങയോളം എത്താൻ കഴിയുകയില്ല. ഇതും വെറും പ്രസംഗമായിരുന്നില്ല. മറിച്ച് അവർ തങ്ങളുടെ കർമ്മം കൊണ്ട് അത് പൂർത്തീകരിച്ചു കാണിച്ചുവെന്നതിന് ചരിത്രം സാക്ഷിയാണ്.

നമ്മുടെ ശൂറയിലെ പ്രതിനിധികൾക്കും ഇതിൽ ഒരു സന്ദേശമുണ്ട്. ഇതിൽ ചിന്തിക്കുക. ഈ സന്ദേശത്തെ നിങ്ങളുടെ ഭാഗമാക്കിതീർക്കുക. അപ്പോൾ മാത്രമേ മുഴുലോകത്തിലേയും ശൂറാപ്രതിനിധികൾ ഖിലാഫത്തിന്റെയും ഖിലാഫത്ത് വ്യവസ്ഥിതിയുടേയും ജമാഅത്ത് വ്യവസ്ഥിതിയുടെയും സംരക്ഷണ വലയത്തിൽ സത്യവാൻമാരായി സ്ഥാപിതമാകുകയുള്ളു.

പറഞ്ഞതുപോലെ, മുസ്ലിംകളുടെ മേൽ യുദ്ധം അടിച്ചേൽപ്പിക്കപ്പെട്ടപ്പോൾ അവർ അതിന് മറുപടി കൊടുക്കേണ്ടിവന്നു. അത്തരം അവസരങ്ങൾ വന്നപ്പോഴെല്ലാം നബി(സ) സ്വഹാബിമാരിൽ നിന്ന് അഭിപ്രായം തേടുകതന്നെ ചെയ്തു. എന്നാൽ എന്തെങ്കിലും തീരുമാനം സ്വയം പറയുകയും പിന്നീട് അതിനെക്കാൾ നല്ലത് മുന്നിൽ വരികയും ചെയ്താൽ ക്ഷണത്തിൽ ആ നല്ലമാർഗ്ഗത്തെ അവിടന്ന് സ്വീകരിച്ചിരുന്നു.

ബദ്ർ യുദ്ധത്തിലെ ഒരു സംഭവം നിവേദനത്തിൽ ഇങ്ങനെ വിവരിക്കുന്നു. ഇസ്ലാമിക സൈന്യം തമ്പടിച്ചിരുന്ന സ്ഥലം നല്ലതായിരുന്നില്ല. അപ്പോൾ ഖുബാബ്ബിൻ മുൻദിർ നബിയോടു ചോദിച്ചു. അല്ലാഹു അറിയിച്ചപ്രകാരമാണോ അങ്ങ് ഈസ്ഥലം ഇഷ്ടപ്പെട്ടത്. അതല്ല സ്വന്തം തീരുമാനവും യുദ്ധപരമായ ഉപായവും യുക്തിയും കൊണ്ട് സ്വീകരിച്ചതാണോ? നബി(സ) പറഞ്ഞു: ഇതു സംബന്ധമായി അല്ലാഹുവിൽ നിന്ന് കല്പനയൊന്നും ലഭിച്ചിട്ടില്ല. ഇതെന്റെ സ്വന്തം തീരുമാനവും, യുദ്ധപരമായ തന്ത്രവും വെറുമൊരു രീതിയുമാണ്. അതുകൊണ്ട് താങ്കൾക്ക് ഇതിനെക്കാൾ നല്ല അഭിപ്രായമുണ്ടെങ്കിൽ പറയുക. ഖുബാബ് പറഞ്ഞു: എന്റെ നോട്ടത്തിൽ ഈ സ്ഥലം തമ്പടിക്കാൻ പറ്റിയസ്ഥലമല്ല. മുന്നോട്ടുനീങ്ങി ഖുറയ്ശികളോട് ഏറ്റവും അടുത്തുള്ള അരുവികൈവശപ്പെടുത്തുക.

എനിക്കാ അരുവിയെക്കുറിച്ച് അറിയാം. അതുകൊണ്ട് അവിടെപോയി തമ്പടിക്കുക. അതിനു പിന്നിൽ എത്ര കിണറുകളുണ്ടോ അവയെല്ലാം ആഴമുള്ളതാക്കുക. പിന്നീട് ആ സ്ഥലത്ത് നാമൊരു ഹൗള് ഉണ്ടാക്കി അതിൽ വെള്ളം നിറയ്ക്കുക. അതിനുശേഷം യുദ്ധം ചെയ്യുക. ഈ രീതിയിൽ നമുക്ക് വെള്ളം കുടിക്കാൻ കഴിയും. ഇല്ലെങ്കിൽ വെള്ളം കുടിക്കാൻ ബുദ്ധിമുട്ടും. നബി(സ) പറഞ്ഞു: താങ്കൾ വളരെ നല്ല അഭിപ്രായമാണ് പറഞ്ഞത്. നബി(സ)യും കൂടെയുണ്ടായിരുന്ന എല്ലാവരും എഴുന്നേറ്റു പുറപ്പെട്ടു. എതിരാളികളെ അപേക്ഷിച്ച് വെള്ളത്തോട് വളരെ അടുത്തെത്തി തമ്പടിച്ചു. ഖറയ്ശികൾ അതിനു മുമ്പിൽ മുമ്പേ താവളമടിച്ചിട്ടുണ്ടായിരുന്നു. അരുവി കാലിയായി കിടക്കുകയായിരുന്നു. മുസ്‌ലിംകൾ അവിടെ തമ്പടിച്ച് അരുവി തങ്ങളുടെ കൈവശമാക്കി. പിന്നീട് അവിടന്ന് കിണറുകളെ സംബന്ധച്ച് നിർദ്ദേശം കൊടുത്തു. അത് ആഴമുള്ളതാക്കി. ഏതൊരു കിണറിനടുത്താണോ അവിടന്ന് തമ്പടിച്ചിരുന്നത് അത് വെള്ളംകൊണ്ട് നിറച്ചു.

ഞാൻ പറഞ്ഞതുപോലെ യുദ്ധങ്ങൾ മുസ്‌ലിംകൾക്കുവേണ്ടി അടിച്ചേൽപ്പിക്കപ്പെട്ടപ്പോൾ മുസ്‌ലിംകൾ തങ്ങളുടെ രക്ഷക്കായിട്ട് നടപടികൾ സ്വീകരിക്കാൻ നിർബന്ധിതരായി. ബദർയുദ്ധത്തിൽ മുസ്‌ലിംകൾ വിജയം വരിച്ചു. അപ്പോൾ ഒരുപാട് സത്യനിഷേധികൾ തടവുപുള്ളികളായി പിടിക്കപ്പെട്ടു. അവിശ്വാസികളെ കൊല്ലുകയോ അവരെ തടവുപുള്ളികളായി വെക്കുകയോ ചെയ്യുക എന്നത് നബി(സ) ഒരിക്കലും ഉദ്ദേശിച്ചിരുന്നില്ല. അവിടന്ന് ആഗ്രഹിച്ചിരുന്നത് യുദ്ധം ചെയ്യേണ്ടിവന്ന സ്ഥിതിക്ക് അതിൽ പിടിക്കപ്പെട്ട തടവുപുള്ളികളോട് എത്രമാത്രം നല്ലനിലയിൽ മൃദുവായി പെരുമാറാൻ കഴിയുമെന്നായിരുന്നു. അതല്ല അവരെ സ്വതന്ത്രരാക്കണോ എന്നായിരുന്നു. പക്ഷെ അവിടന്ന് തന്റെ അഭിപ്രായത്തേയും ആഗ്രഹത്തേയും മറ്റുള്ളവരുടെ അഭിപ്രായത്തിനു മേൽ മേൻമ നൽകാനാഗ്രഹിച്ചി രുന്നില്ല. അവിടന്ന് എന്ത് തീരുമാനമെടുത്താലും സ്വഹാബത്ത് അതിനെ സന്തോഷത്തോടെ സ്വീകരിക്കുമായിരുന്നു എന്നഘട്ടത്തിലാണ് അവിടത്തെ ഈ നടപടി എന്നകാര്യം പ്രത്യേകം സ്മരണീയമാണ്. പക്ഷെ അവിടത്തെ വിശാല മനസ്ഥിതി അതു അംഗീകരിച്ചില്ല. സാമൂഹികമായ കാര്യങ്ങളിൽ അഭിപ്രായങ്ങൾ ആരായുക എന്നത് തന്നെയായിരുന്നു അവിടത്തെ സമ്പ്രദായം. അതുകൊണ്ട് ആ തടവുപുള്ളികളോട് എങ്ങനെ പെരുമാറണം എന്നകാര്യത്തിലും കൂടിയാലോചിക്കാൻ തയ്യാറായി. അതിനെ സംബന്ധിച്ച് നിവേദനത്തിൽ ഇങ്ങനെ വന്നിരിക്കുന്നു.

ഹസ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. നബി(സ) സ്വഹാബിമാരോട്, തടവുപുള്ളികളോട് എങ്ങനെ പെരുമാറണം എന്നകാര്യത്തിൽ അഭിപ്രായം ആരാഞ്ഞു. അവിടന്ന് പറഞ്ഞു: അല്ലാഹു തആല ഇവരിൽ ചിലരുടെ മേൽ നിങ്ങൾക്ക് വിജയം നൽകിയിരിക്കുകയാണ്. ഹസ്റത്ത് ഉമർബിൻഖത്താബ് എഴുന്നേറ്റുനിന്ന് പറഞ്ഞു. അല്ലാഹുവിന്റെ റസൂലെ! ഇവരെ കൊന്നുകളയുക. നബി(സ) ആ അഭിപ്രായത്തോട് യോജിച്ചില്ല. നബി(സ) വീണ്ടും താൻ പറഞ്ഞ കാര്യം ആവർത്തിച്ചു. പറഞ്ഞു: അല്ലാഹു അവർക്കു മേൽ നിങ്ങൾക്ക് വിജയം നൽകിയിരിക്കുകയാണ്. ഇന്നലെ വരെ ഇവർ നിങ്ങളുടെ സഹോദരൻമാരായിരുന്നു. ഹസ്റത്ത് ഉമർ എഴുന്നേറ്റ് നിന്ന് പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ! അവരെ കൊന്നുകളയുക. നബി(സ) അതിനോട് യോജിച്ചില്ല. മൂന്നാമതും നബി(സ) താൻ പറഞ്ഞകാര്യം ആവർത്തിച്ചു. അപ്പോൾ അബൂബക്കർ(റ) എഴുന്നേറ്റുനിന്നുകൊണ്ട് പറഞ്ഞു: അങ്ങ് ഉചിതമായതു മനസ്സിലാക്കുന്നെങ്കിൽ അവർക്ക് മാപ്പുകൊടുക്കുക. അവരിൽ നിന്ന് ഫിദ്‌യ വാങ്ങുക. ഇതുകേട്ട് നബി(സ) യുടെ മുഖത്തുനിന്ന് വിഷമത്തിന്റെ ലക്ഷണം നീങ്ങി. നബി(സ) അവർക്ക് മാപ്പുകൊടുത്തു. അവരിൽ നിന്ന് ഫിദ്‌യ വാങ്ങുകയും ചെയ്തു.

നബി(സ) ഏറ്റവും കടുതൽ ശ്രമിച്ചിരുന്നത് മൃദുവോടും സൗമ്യവുമായുള്ളപെരുമാറ്റവു മായിരുന്നു, ശത്രുവാണെങ്കിൽ പോലും. ഹസ്റത്ത് അബൂബക്കർ(റ)ന്റെ സൗമ്യതയോടെ പെരുമാറാനുള്ള അഭിപ്രായം കേട്ടപ്പോൾ അതുടനെ നടപ്പിൽ വരുത്തി.

ഹസ്റത്ത് ഉമർ(റ)ന്റെ സ്വഭാവത്തിൽ കടുപ്പമുണ്ടായിരുന്നു. അതുകൊണ്ട് ഉമറിന്റെ അഭിപ്രായങ്ങൾക്ക് വളരെ പ്രാധാന്യം കൊടുക്കാറുണ്ടായിരുന്നിട്ടും ഈ സന്ദർഭത്തിൽ നബി(സ) അത് സ്വീകരിച്ചില്ല.

ഹുദൈബിയ ഉടമ്പടി അനുസരിച്ച് പ്രവർത്തിക്കാത്ത കാരണത്താൽ നബി മക്കാ നിഷേധികളെ ഉടമ്പടി ലംഘിച്ചതിന് ശിക്ഷിക്കാൻ തീരുമാനിച്ചു. ആ സമയത്ത് നബിയുടെ ഹൃദയത്തിൽ മൃദുത്വമുണ്ടായില്ല. മറിച്ച് ഹസ്റത്ത് അബൂബക്കർ (റ)ന്റെ മൃദുവായ അഭിപ്രായത്തിനെതിരിൽ ഹസ്റത്ത് ഉമർ (റ)ന്റെ കടുത്ത അഭിപ്രായത്തിന് കൂടുതൽ മുൻഗണന നല്കി. അതനുസരിച്ച് പ്രവർത്തിച്ചു. ഹസ്റത്ത് അബൂബക്കർ (റ) നബി(സ) നടപടിക്കായി തയ്യാറെടുക്കുന്നത് കണ്ടിട്ട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! അങ്ങ് എങ്ങോട്ടെങ്കിലും സൈന്യത്തെ അയക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? നബി പറഞ്ഞു: ഉദ്ദേശിക്കുന്നണ്ട്. അപ്പോൾ അബൂബക്കർ ചോദിച്ചു: അങ്ങ് ബനു അസ്ഫറിലേക്ക് സൈന്യത്തെ അയക്കാനാണോ ഉദ്ദേശിക്കുന്നത്. അതായത് റോമക്കാരിലേക്ക്. നബി പറഞ്ഞു: അല്ല. വീണ്ടും അബുബക്കർ ചോദിച്ചു. അങ്ങ് നജദിലേക്കാണോ സൈന്യത്തെ അയക്കാൻ ഉദ്ദേശിക്കുന്നത്? നബി പറഞ്ഞു. അല്ല. വീണ്ടും അബൂബക്കർ പറഞ്ഞു: അങ്ങയുടെ ഉദ്ദേശ്യം ഖുറയ്ശികളാണെന്നു തോന്നു

ന്നു. ഇപ്രാവശ്യം നബി(സ) അതെ എന്നു മറുപടി നല്കി. നബിയുടെ ഈ മറുപടി കേട്ട് അബൂബക്കർ പറഞ്ഞു: യാ റസൂലല്ലാഹ്! അങ്ങും അവരും തമ്മിൽ ഉടമ്പടി ചെയ്ത നേരത്ത് പരസ്പരം യുദ്ധം ചെയ്യുകയില്ലെന്ന കാലയളവ് തീരുമാനിക്കപ്പെട്ടിരുന്നില്ലേ? (ഹുദൈബിയാ സന്ധിയിൽ ഒരു കാലം വരെ യുദ്ധം ചെയ്യുകയില്ലെന്ന് വ്യവസ്ഥ ചെയ്തിരുന്നു.) ഇതു കേട്ടുകൊണ്ട് നബി പറഞ്ഞു. ഖുറയ്ശികൾ ഉടമ്പടി ലംഘിച്ചത് താങ്കൾക്കറിയില്ലേ? നിവേദകൻ പറയുന്നു. പിന്നീട് നബി(സ) ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്നവരും മദീനയുടെ ചുറ്റുപാടും വസിക്കുന്നവരുമായ മുസ്ലീങ്ങൾക്ക്, **ആരാണോ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നത് അവർ റമസാൻ മാസത്തിൽ മദീനയിലെത്തിച്ചേരുക** എന്ന സന്ദേശമറിയിച്ചു. ഈ സന്ദേശം നബി(സ) ഹസ്റത്ത് അബൂബക്കർ, ഹസ്റത്ത് ഉമർ എന്നിവരുമായി കൂടിയാലോചിച്ചതിനുശേഷമാണ് അയച്ചത്. യുദ്ധം ചെയ്യണ്ട എന്ന അഭിപ്രായമായിരുന്നു ഹസ്റത്ത് അബൂബക്കറിനുണ്ടായിരുന്നത്. യാ റസൂലല്ലാഹ്! അത് താങ്കളുടെ ജനതയാണെന്ന് അദ്ദേഹം പറയുകയും ചെയ്തു. എന്നാൽ ഹസ്റത്ത് ഉമർ (റ) നബി(സ)നെ പിന്തുണച്ചുകൊണ്ട് അഭിപ്രായം പറഞ്ഞു: അവർ ഖുഫ്റിന്റെ ഉത്ഭവസ്ഥാനമാണ്. അങ്ങ് ഇന്ദ്രജാലക്കാരനാണെന്നും കള്ളവാദിയാണെന്നുമെല്ലാം അവർ പറഞ്ഞിരിക്കുന്നു. (മക്കയിലെ നിഷേധികൾ നബിയുടെ മേൽ ഉന്നയിച്ച ആക്ഷേപങ്ങളായിരുന്നു ഇത്) ഹസ്റത്ത് ഉമർ (റ) മക്കയിലെ നിഷേധികൾ അവഹേളിച്ചു പറയാറുണ്ടായിരുന്ന ഓരോ കാര്യവും എണ്ണിയെണ്ണിപ്പറഞ്ഞു. ആ അവസരത്തിൽ നബി(സ) പറഞ്ഞു. (അബൂബക്കറിന്റെ അഭിപ്രായം തെറ്റാണെന്നു പറഞ്ഞില്ല. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ നബി(സ) ഒരുപാട് മാനിച്ചിരുന്നു.) പറഞ്ഞു: അബൂബക്കർ ഹസ്റത്ത് ഇബ്റാഹീം (അ) നെപ്പോലെയാണ്. അദ്ദേഹം അല്ലാഹുവിന്റെ കാര്യങ്ങളിൽ മൃദുല സ്വഭാവമുള്ള ആളായിരുന്നു. ഉമർ ഹസ്റത്ത് നൂഹിനെപ്പോലെയാണ്. നൂഹ് അല്ലാഹുവിന്റെ കാര്യങ്ങളിൽ പാറപോലെ ഉറപ്പുള്ളയാളായിരുന്നു. ഇപ്പോൾ ഞാൻ ഉമറിന്റെ അഭിപ്രായം സ്വീകരിക്കുന്നു. നബി(സ) സാഹചര്യവും സന്ദർഭവും നോക്കിയാണ് കൂടിയാലോചനയ്ക്ക് പ്രാധാന്യം നല്കിയിരുന്നത്. അപ്പോൾ കടുത്ത നടപടി സ്വീകരിക്കുന്നതിലാണ് മനുഷ്യത്വത്തിന്റെ നിലനില്പെന്നുകണ്ട് സൈന്യത്തെ തയ്യാറാക്കാൻ കല്പിച്ചു.

ഇതിൽ ഖലീഫയുടെ തീരുമാനമുണ്ടാകുമ്പോൾ, മുമ്പേയുള്ള ഖലീഫമാർ പറഞ്ഞിട്ടുള്ള ചില കാര്യങ്ങളുദ്ധരിച്ചുകൊണ്ട് ഇതു മുമ്പേ ഇങ്ങനെ ഉണ്ടായിട്ടുള്ളതാണ് അതുകൊണ്ട് അങ്ങനെ തന്നെ ഇപ്പഴും ഉണ്ടാവണം എന്നു പറയുന്നവർക്ക് പാഠമുണ്ട്. സാഹചര്യങ്ങളും സന്ദർഭങ്ങളും അനുസരിച്ചാണ് തീരുമാനമുണ്ടാവുന്നതെന്ന് അവർ മനസ്സിലാക്കണം. ആരോടെങ്കിലുമുള്ള വൈരാഗ്യത്തിന്റെയോ വെറുപ്പിന്റെയോ വിദ്വേഷത്തിന്റെയോ അടിസ്ഥാനത്തിൽ വിധി പറയുകയില്ല. യഥാർത്ഥ ഉദ്ദേശ്യം പരിഷ്കരണവും മനുഷ്യത്വത്തിന്റെ മൂല്യം നിലനിർത്തുകയുമാണ്.

ഉഹ്ദ് സംഭവം നോക്കുക. ഇതിൽ തവക്കൽ അലല്ലായുടെ ഒരു മഹത്തായ മാതൃക കാണാം. ചരിത്രത്തിൽ ഇതു വിശദീകരിച്ചിട്ടുണ്ട്. നബി(സ) മുസ്ലീങ്ങളെ സംഘടിപ്പിച്ച് ഖുറയ്ശികളുടെ ആക്രമണത്തെ സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞു. മദീനയിൽനിന്ന് നേരിടണോ അതോ മദീനയ്ക്ക് പുറത്തുപോയി നേരിടണോ? ഈ കൂടിയാലോചനയിൽ അബ്ദുല്ലാഹ് ബിൻ ഉബയ് ബിൻ സുലൂലും പങ്കെടുത്തിരുന്നു. വാസ്തവത്തിൽ അയാൾ മുനാഫിഖായിരുന്നു. ബദ്റ് യുദ്ധത്തിന് ശേഷമാണ് അയാൾ പ്രത്യക്ഷത്തിൽ മുസ്ലിമായത്. നബി(സ) ആദ്യമായിട്ടാണ് അയാളെ കൂടിയാലോചനയിൽ പങ്കെടുപ്പിച്ചത്. അഭിപ്രായങ്ങൾ ആരായുന്നതിനുമുമ്പേ നബി(സ) ഖുറയ്ശികളുടെ ആക്രമണത്തെ സംബന്ധിച്ചും അവരുടെ തീരുമാനത്തെ സംബന്ധിച്ചും ഇങ്ങനെ പറഞ്ഞു. ഇന്ന് രാത്രി ഞാനൊരു സ്വപ്നത്തിൽ ഒരു പശുവിനെ കാണുകയുണ്ടായി. എന്റെ വാളിന്റെ വായ്ത്തല പൊട്ടിപ്പോയതായി കണ്ടു. പശു അറുക്കപ്പെടുന്നതായും എന്റെ കൈകൾ പടയങ്കിക്കുള്ളിൽ ഒതുക്കി വെച്ചിരിക്കുന്നതായും ഞാൻ ദർശിച്ചു. ഞാനൊരു മുട്ടാടിന്റെ പുറത്ത് സഞ്ചരിക്കുന്നതായും കാണുകയുണ്ടായി. ഈ സ്വപ്നത്തിന്റെ വ്യാഖ്യാനം എന്താണെന്ന് സ്വഹാബിമാർ ചോദിച്ചപ്പോൾ നബി ഇപ്രകാരം പറഞ്ഞു. പശു അറുക്കപ്പെടുന്നതായി കണ്ടതിന്റെ അർത്ഥം ചില സഖാക്കൾ ഈ യുദ്ധത്തിൽ കൊല്ലപ്പെടുമെന്നാകുന്നു. എന്റെ ബന്ധുക്കളിൽ പ്രധാനികളാരെങ്കിലും മരിക്കുമെന്നാണ് വാളിന്റെ വായ്ത്തല പൊട്ടിയത് സൂചിപ്പിക്കുന്നത്. എനിയ്ക്കുതന്നെയും ഏതെങ്കിലും തരത്തിലുള്ള പരിക്കോ വേദനയോ ഏല്ക്കാനും സാധ്യതയുണ്ട്. ഞാൻ കൈകൾ പടയങ്കിക്കുള്ളിൽ വെച്ചതിന്റെ അർത്ഥം നാം മദീനയിൽ തന്നെ നില്ക്കുന്നതാണ് നന്നായിരിക്കുക എന്നാകുന്നു. ഞാനൊരു മുട്ടാടിന്റെ പുറത്ത് സഞ്ചരിക്കുന്നതായി കണ്ടതിന്റെ അർത്ഥം അവിശ്വാസികളുടെ പടനായകനെ നാം കീഴ്പെടുത്തുമെന്നും അഥവാ അവൻ നമ്മുടെ കൈയാൽ കൊല്ലപ്പെടുമെന്നുമത്രെ.

അതിനുശേഷം അവിടന്ന് സ്വഹാബിമാരോട് അഭിപ്രായം ആരാഞ്ഞു. ചില മഹാന്മാരായ സ്വഹാബിമാർ മദീനയിൽനിന്നുകൊണ്ടു തന്നെ ശത്രുക്കളെ നേരിടണമെന്ന് അഭിപ്രായം പറഞ്ഞു. അബ്ദുല്ലാഹ് ബിൻ ഉബൈ ബിൻ സുലൂലും ഇതുതന്നെയാണ് പറഞ്ഞത്. നബി(സ)ന് ഈ അഭിപ്രായം ഇഷ്ടപ്പെട്ടു. ഇതുതന്നെയാണ് നല്ലതെന്ന് പറയുകയും ചെയ്തു. അതായത് മദീനയുടെ ഉള്ളിൽനിന്ന് ശത്രു

ക്കളെ നേരിടുക. എന്നാൽ അധിക സ്വഹാബിമാരും പ്രത്യേകിച്ച് ബദർ യുദ്ധത്തിൽ പങ്കെടുത്തിട്ടില്ലാത്ത ചെറുപ്പക്കാരായ സ്വഹാബിമാർ - അവരിൽ ശഹാദത്ത് വരിക്കാനുള്ള ആവേശമായിരുന്നു, അവർ അതിനുവേണ്ടി ദാഹിക്കുകയായിരുന്നു – നമ്മൾ പുറത്തിറങ്ങി ശത്രുവിനെ നേരിടണമെന്ന് പറഞ്ഞു. നബി(സ) അവരുടെ അഭിപ്രായം സ്വീകരിച്ചു. പിന്നീട് അവിടന്ന് ജിഹാദിൽ പങ്കെടുക്കാൻ മുസ്‌ലിങ്ങളെ ആഹ്വാനം ചെയ്തു. തയ്യാറെടുപ്പിനായി നബി വീട്ടിലേക്ക് പോയി. അപ്പോൾ ചില സ്വഹാബിമാർ നബിയുടെ തീരുമാനത്തിന് വിരുദ്ധമായി അഭിപ്രായം പറഞ്ഞവർക്ക് കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. അവരത് മനസ്സിലാക്കുകയും ചെയ്തു. അങ്ങനെ ചെറുപ്പക്കാർ ഉൾപ്പെട്ട അധികം പേരും അവരുടെ അഭിപ്രായം മാറ്റി. മദീനയുടെ ഉള്ളിൽ നിന്ന് ശത്രുക്കളെ നേരിടാമെന്ന് അവർ പറഞ്ഞു. നബി(സ) പടച്ചട്ടയണിഞ്ഞ് വെളിയിൽ വന്നപ്പോൾ സഅദ് ബിൻ മുആദ് (റ) (അൻസാറിന്റെ നേതാവായിരുന്നു അദ്ദേഹം) തെറ്റു മനസ്സിലാക്കി നബി(സ)യോടു പറഞ്ഞു. അങ്ങയുടെ അഭിപ്രായം തന്നെയാണ് ശരി. ഞങ്ങൾ അങ്ങനെയൊരു അഭിപ്രായം പറയാൻ പാടില്ലാത്തതായിരുന്നു. ഞങ്ങൾ അതിൽ ലജ്ജിക്കുന്നു. മദീനയ്ക്കുള്ളിൽനിന്നുതന്നെ ശത്രുക്കളെ നമുക്ക് നേരിടാം. അതുകേട്ടപ്പോൾ നബി(സ) പറഞ്ഞു. അതിപ്പോളല്ല പറയേണ്ടത്. അല്ലാഹുവിന്റെ പ്രവാചകൻ പോർച്ചട്ടയണിഞ്ഞാൽ അല്ലാഹു വിധി പറയുന്നതിനുമുമ്പേ അത് അഴിച്ചുവെക്കുകയെന്നത് അല്ലാഹുവിന്റെ പ്രൗഢിയ്ക്കെതിരാണ്. അതുകൊണ്ട് അല്ലാഹുവിന്റെ പേരിൽ പോകുക. നിങ്ങൾ സഹനത്തോടെ പ്രവർത്തിച്ചാൽ തീർച്ചയായും അല്ലാഹുവിന്റെ സഹായം നിങ്ങളോടൊപ്പമുണ്ടാകും.

നോക്കുക അഭിപ്രായങ്ങളെല്ലാം കേട്ടുകൊണ്ട് ഭൂരിപക്ഷമാളുകളുടെ അഭിപ്രായം സ്വീകരിക്കുകയും അതനുസരിച്ച് തയ്യാറെടുപ്പ് നടത്തുകയും ചെയ്തു. പിന്നീട് ചെറുപ്പക്കാരായ സ്വഹാബത്ത് അഭിപ്രായം മാറ്റിയപ്പോൾ തന്റെ നിലപാട് വിശദീകരിച്ചു. ഇത് തവക്കുലിന്റെ ഉന്നതമായ ഒരു മാതൃകയായിരുന്നു. മുന്നോട്ടു ഗമിച്ച് പിന്നോട്ട് മാറുകയെന്നത് പ്രവാചകന് ചേർന്നതല്ല എന്ന് വ്യക്തമാക്കി. എങ്കിലും പറഞ്ഞു നിങ്ങൾ സഹനത്തോടെ പ്രവർത്തിച്ചാൽ അല്ലാഹുവിന്റെ സഹായം നിങ്ങളോടൊപ്പമുണ്ടാകും. ഈ നിർദ്ദേശം ഉണ്ടായിട്ടും വ്യക്തമായും ജയിച്ചുനിന്ന യുദ്ധത്തിന്റെ ഗതി അക്ഷമ കാരണത്താൽ മാറുകയും മുസ്‌ലിംകൾക്ക് ഒരുപാട് നഷ്ടം സഹിക്കേണ്ടി വരികയും ചെയ്തു. യുദ്ധങ്ങളിലും മറ്റു സാമൂഹിക പ്രശ്നങ്ങളിലും തന്റെ ജനതയോട് അഭിപ്രായമാരായുന്ന ഇത്തരം നിരവധി സംഭവങ്ങളുണ്ട്.

നമസ്കാരത്തിന് ആളുകളെ എങ്ങനെ വിളിക്കണമെന്നതിനെ സംബന്ധിച്ച് കൂടിയാലോചന നടന്നു. ഓരോരുത്തരും ഓരോന്നും പറഞ്ഞു. അതൊന്നും സ്വീകാര്യമായില്ല. അബ്ദുല്ലാഹ് ബിൻ സയ്ദിനും ഹസ്റത്ത് ഉമറിനും സ്വപ്നത്തിൽ ബാങ്കിന്റെ വാക്കുകൾ പഠിപ്പിക്കപ്പെട്ടു. അതിനെ സംബന്ധിച്ച് പറയുന്നു: അതിനു മുമ്പേ ഹസ്റത്ത് ബിലാൽ (റ) നമസ്കാരത്തിലേക്ക് വിളിക്കുന്നതിനുവേണ്ടി അസ്സ്വലാത്തു ജാമിഅ എന്ന വാക്കുകൾ ഉറക്കെ വിളിച്ചു പറയുമായിരുന്നു. പിന്നീടാണ് കൂടിയാലോചന നടന്നത്. ചിലരു പറഞ്ഞു ക്രിസ്ത്യാനികളെപ്പോലെ മണിമുട്ടി വിളിയ്ക്കാം. ചിലരു പറഞ്ഞു ജൂതന്മാരെപ്പോലെ കുഴൽ വിളി നടത്താം. ചിലർ പറഞ്ഞു മലമുകളിൽ തീ ജ്വലിപ്പിക്കാം. പക്ഷെ നബി(സ) ഇതൊന്നും ഇഷ്ടപ്പെട്ടില്ല. ആ രാത്രി അൻസാറുകളിൽപ്പെട്ട അബ്ദുല്ലാഹിബ്നു സയ്ദ് (റ)നും മുഹാജിറുകളിൽപ്പെട്ട ഹസ്റത്ത് ഉമർ(റ) നും സ്വപ്നങ്ങളിലൂടെ ബാങ്കിന്റെ വാക്കുകൾ പഠിപ്പിക്കപ്പെട്ടു. അബ്ദുല്ലാഹിബ്നു സയ്ദ് (റ) സ്വപ്നത്തിൽ ഒരാളെ കണ്ടു. ആ ആളാണ് അദ്ദേഹത്തെ ബാങ്കും ഇഖാമത്തും പഠിപ്പിച്ചത്. രാവിലെ നബിയുടെ സന്നിധിയിലെത്തി താൻ കണ്ട സ്വപ്നം നബിയോട് പറഞ്ഞു. അപ്പോൾ നബി(സ) പറഞ്ഞു: ഇതു തീർച്ചയായും സത്യപൂർണമായ സ്വപ്നമാണ്. ബിലാലിനോടൊപ്പം പോകുക. താങ്കൾക്ക് പഠിപ്പിക്കപ്പെട്ട വാക്കുകൾ അദ്ദേഹത്തെ പഠിപ്പിക്കുക. കാരണം അദ്ദേഹം നിങ്ങളെക്കാൾ ശബ്ദമുള്ളയാളാണ്. അബ്ദുല്ലാഹിബ്നു സയ്ദ് പറഞ്ഞു, ഞാൻ ബിലാലിനോടൊപ്പം നിന്ന് അദ്ദേഹത്തിന് ആ വാക്കുകൾ പറഞ്ഞുകൊടുത്തു. അദ്ദേഹമത് അത്യുച്ചത്തിൽ വിളിച്ചു പറഞ്ഞു. ഈ ബാങ്ക് നടക്കുമ്പോൾ ഹസ്റത്ത് ഉമർ(റ) അത് വീട്ടിൽനിന്ന് ശ്രദ്ധിച്ചു. അദ്ദേഹം ഓടി നബിയുടെയടുക്കൽ വന്നു പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ! സത്യത്തോടുകൂടി അങ്ങയെ നിയോഗിച്ച അല്ലാഹുവിനെകൊണ്ട് സത്യം! ഞാൻ ഇപ്പോൾ കേട്ടതുപ്പോലെ സ്വപ്നത്തിൽ കണ്ടിരിക്കുന്നു.

ചില സാമൂഹിക പ്രശ്നങ്ങളിൽ നബി(സ) സ്ത്രീകളോടും അഭിപ്രായം ആരായുമായിരുന്നു. ഹുദയ്ബിയ സന്ധി നടക്കുന്ന വേളയിൽ ഉടമ്പടി എഴുതിക്കഴിഞ്ഞപ്പോൾ നബി(സ) പറഞ്ഞു: എല്ലാവരും എഴുന്നേൽക്കുക, അവരവരുടെ ഒട്ടകങ്ങളെ അറുക്കുക. സ്വഹാബിമാർക്ക് ആ ഉടമ്പടിയിൽ വിഷമമുണ്ടായിരുന്നു. അവർ തൃപ്തരല്ലായിരുന്നു. അവരതിനെ പരാജയമായിട്ടാണ് കണ്ടത്. അതുകൊണ്ട് ആരും നബി പറഞ്ഞത് കേട്ടില്ല. നബി(സ) ഉമ്മുസൽമ (റ)യുടെ അടുത്തുപോയി. സ്വഹാബത്തിന്റെ നില വിവരിച്ചു. അവർ ഖുർബാനി നടത്തുന്നില്ലയെന്ന് പറഞ്ഞു. ഉമ്മുൽ മുഅ്മിനീൻ ഹസ്റത്ത് ഉമ്മുസൽമ ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ, താങ്കൾ പറയുന്ന കാര്യങ്ങൾ അവർ പൂർത്തിയാക്കുന്നതുകാണാൻ താങ്കൾ ആഗ്രഹിക്കുന്നുണ്ടോ? താങ്കൾ പുറത്തേക്കി

റങ്ങുക. ആരോടും ഒന്നും ചോദിക്കാതെ അങ്ങയുടെ ഒട്ടകത്തെ അറുക്കുക. ഒസ്സാനെ വിളിച്ച് തലമുടി വടിയ്ക്കുക. സ്വഹാബത്ത് താങ്കളുടെ പിന്നാലെ വരും. താങ്കൾ ചെയ്തത് പോലെ അവരും ചെയ്യും. അങ്ങനെതന്നെ സംഭവിച്ചു.

ഇസ്ലാമിൽ സ്ത്രീകൾക്ക് ഒരു സ്ഥാനവുമില്ല എന്ന ആക്ഷേപം ഉന്നയിക്കുന്നവർക്കുള്ള മറുപടി കൂടിയാണിത്. അങ്ങനെ പുരുഷന്മാർക്ക് വഴി കാട്ടാൻ ഒരു സ്ത്രീയുടെ അഭിപ്രായത്തിന് കഴിഞ്ഞു.

ഞാൻ പറഞ്ഞതുപോലെ നബിയുടെ ജീവിതത്തിൽ കൂടിയാലോചന നടത്തിയിട്ടുള്ള ഒരുപാട് സംഭവങ്ങൾ നമുക്കു കാണാം. അതെല്ലാം വിവരിക്കുകയെന്നത് അസാധ്യമാണ്. നബി(സ) ഇതു ചെയ്തത് തന്റെ ഉമ്മത്തിന് കൂടിയാലോചനയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കുന്നതിനുവേണ്ടിയായിരുന്നു. അവരിൽ കൂടിയാലോചന ശീലം ഉണ്ടാക്കുന്നതിനുവേണ്ടിയായിരുന്നു. ഒരിക്കൽ ഉപദേശം നല്കികൊണ്ട് പറഞ്ഞു: അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. ആരിൽനിന്നാണ് അഭിപ്രായം ആരായുന്നത് അവൻ വിശ്വസ്തനായിരിക്കേണ്ടതാണ്. അയാൾ അമാനത്തിന്റെ കടമ നിറവേറ്റേണ്ടതാണ്. പിന്നീട് പറഞ്ഞു, നിങ്ങളിലാരെങ്കിലും തന്റെ സഹോദരനോട് അഭിപ്രായം ആരാഞ്ഞാൽ അയാൾ അയാൾക്ക് അഭിപ്രായം നല്കേണ്ടത്.

കൂടിയാലോചനയ്ക്കുള്ള പ്രാധാന്യം അത് അമാനത്താണ് എന്നുള്ളതാണ്. അമാനത്തിന്റെ കടമ നിറവേറ്റാൻ അല്ലാഹു വ്യക്തമായും കല്പിച്ചിരിക്കുന്നു. മറ്റൊരു നിവേദനത്തിൽ അവിടന്ന് പറഞ്ഞു. ഞാൻ പറയാത്ത കാര്യം ഞാൻ പറഞ്ഞുവെന്ന് പറഞ്ഞ് കളവ് പറയുന്നവൻ തന്റെ വാസസ്ഥാനം നരകത്തിലുണ്ടാക്കിക്കൊള്ളട്ടെ. മുസ്ലിമായ ഒരാളോട് അയാളുടെ മുസ്ലിം സഹോദരൻ ഏതെങ്കിലും കാര്യത്തിൽ അഭിപ്രായം ആരായുകയും അയാൾ ചിന്തിക്കാതെയും ആലോചിക്കാതെയും അഭിപ്രായം പറയുകയും ചെയ്താൽ അയാൾ വഞ്ചന കാണിച്ചു. വഞ്ചന കാണിക്കുന്നവരെക്കുറിച്ച് അവർ പാപങ്ങളിൽ ആണ്ടുകിടക്കുന്നവരാണെന്ന് അല്ലാഹു പറയുന്നു. അതുകൊണ്ട് അഭിപ്രായം പറയുന്നത് വളരെ ചിന്തിച്ചും ആലോചിച്ചും ആയിരിക്കണം. അല്ലാഹു തആല ഈ ഉപദേശങ്ങളനുസരിച്ച് പ്രവർത്തിക്കാൻ ഓരോ അഹ്മദിയ്ക്കും തൗഫീഖ് നല്കുമാറാകട്ടെ. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അവിടന്ന് പറഞ്ഞു. കാര്യങ്ങൾ മനസ്സിലാക്കുന്നവരും ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുന്നവരുമായ ആളുകളുമായി കൂടിയാലോചിക്കുക. സ്വകാര്യ വ്യക്തികൾ പറയുന്ന അഭിപ്രായം അനുസരിച്ച് കാര്യങ്ങൾ നടത്താതിരിക്കുക.

കുറച്ചാളുകളെയുള്ളു ബുദ്ധിപൂർവം സംസാരിക്കുന്നവർ, ബാക്കിയുള്ളവരെല്ലാം അഭിപ്രായം പറയാൻ യോഗ്യരല്ല എന്നു ധരിക്കരുത്. കാര്യങ്ങൾ മനസ്സിലാക്കുന്നവരോടും ആരാധനകൾ അനുഷ്ഠിക്കുന്നവരോടും അഭിപ്രായം ചോദിക്കുക.

ഇതിലും ശൂറാ പ്രതിനിധികൾക്ക് ഉപദേശമുണ്ട്. നിങ്ങളെ നിങ്ങളുടെ നില മനസ്സിലാക്കി ശൂറാ പ്രതിനിധികൾ ആക്കിയിരിക്കുകയാണ്. പാക്കിസ്ഥാനിലും മറ്റു ചില നാടുകളിലും ഇപ്പോൾ ശൂറാ നടന്നുവരുന്നു. അതുകൊണ്ട് ആരാധനയുടെ കടമ നിറവേറ്റാൻ ശ്രമിക്കുക. നിങ്ങളുടെ ബുദ്ധിയും അറിവും ദുആയോടൊപ്പം അഭിപ്രായത്തിന്റെ രൂപത്തിൽ വെളിയിൽ വരേണ്ടതാണ്. അപ്പോഴാണ് അല്ലാഹു നല്ല അഭിപ്രായങ്ങൾ പറയാൻ അവസരങ്ങൾ നല്കുന്നത്. അതിൽ ബർക്കത്തുണ്ടാകും. അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ.

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
**MOBILE : 98951 26027**

**MTA** യിൽ നിന്ന് തർജ്ജമ ചെയ്തത്

**JUMUA KHUTHBA**
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on**
**25 - 03 - 2005**
**at**
**Baithul Futuh, London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**